**എ.വൈ.ആർ**


**സൂറ-11**

# ഹൂദ്

فَلَوْلَا كَانَ مِنَ ٱلْقُرُونِ مِن قَبْلِكُمْ أُو۟لُوا۟ بَقِيَّةٍ يَنْهَوْنَ عَنِ ٱلْفَسَادِ
فِى ٱلْأَرْضِ إِلَّا قَلِيلًا مِّمَّنْ أَنجَيْنَا مِنْهُمْ ۗ وَٱتَّبَعَ ٱلَّذِينَ ظَلَمُوا۟ مَآ أُتْرِفُوا۟
فِيهِ وَكَانُوا۟ مُجْرِمِينَ ﴿١١٦﴾

**116** നിങ്ങൾക്കു മുമ്പുണ്ടായിരുന്ന തലമുറകളിൽ, നാം രക്ഷിച്ച ചുരുക്കം ചിലരൊഴിച്ച്, ഭൂമിയിൽ നാശം തടയുന്ന വിശിഷ്ടന്മാരുണ്ടാവാതിരുന്നതെന്തുകൊണ്ട്? ധർമധിക്കാരികളൊക്കെയും അവർക്കു ലഭിച്ച സുഖഭോഗങ്ങൾക്കു പിമ്പെ പാഞ്ഞു. അവർ ദുഷ്ടജനമായിരുന്നു.

وَمَا كَانَ رَبُّكَ لِيُهْلِكَ ٱلْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ ﴿١١٧﴾

**117** നാട്ടുകാർ സംസ്കരണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുമ്പോൾ, അന്യായമായി നാടുകളെ നശിപ്പിക്കുക നിന്റെ നാഥന്റെ നടപടിയല്ല തന്നെ.

فَلَوْلَا كَانَ= ഉണ്ടാവാതിരുന്നതെന്തുകൊണ്ട് مِنَ ٱلْقُرُونِ= തലമുറകളിൽ
مِن قَبْلِكُمْ= നിങ്ങൾക്കു മുമ്പുണ്ടായിരുന്ന أُو۟لُوا۟ بَقِيَّةٍ= നിലനിൽക്കുന്ന കർമങ്ങളുടയവർ(വിശിഷ്ടന്മാർ)
يَنْهَوْنَ= അവർ തടയുന്നു(ന്ന) عَنِ ٱلْفَسَادِ= നാശം, അധർമം فِى ٱلْأَرْضِ= ഭൂമിയിൽ
إِلَّا قَلِيلًا= ചുരുക്കം (ചിലർ) ഒഴിച്ച് مِّمَّنْ أَنجَيْنَا= നാം രക്ഷിച്ചവരാൽ مِنْهُمْ= അവരിൽനിന്ന്
وَٱتَّبَعَ= പിന്തുടർന്നു, പിമ്പെ പാഞ്ഞു ٱلَّذِينَ ظَلَمُوا۟= ധർമധിക്കാരികളായവർ(ഒക്കെയും)
مَآ أُتْرِفُوا۟= അവർക്കു ലഭിച്ച സുഖഭോഗങ്ങൾക്ക് فِيهِ= അതി(ഭൂമിയി)ൽ
وَكَانُوا۟= അവർ ആയിരുന്നു مُجْرِمِينَ= കുറ്റവാളികൾ (ദുഷ്ടജനം)
وَمَا كَانَ رَبُّكَ لِيُهْلِكَ= നശിപ്പിക്കുക നിന്റെ നാഥന്റെ നടപടിയല്ല(തന്നെ) ٱلْقُرَىٰ= നാടുകളെ
بِظُلْمٍ= അന്യായമായി, അധർമത്തിന്റെ പേരിൽ

അതിന്റെ ആളുകൾ ആയിരിക്കെ (നാട്ടുകാർ ആയിരിക്കുമ്പോൾ) =وَأَهْلُهَا

നന്നാക്കുന്നവർ (സംസ്കരണ പ്രവർത്തനത്തിലേർപ്പെട്ടവർ) =مُصْلِحُونَ

**116,117:** നേരത്തെ പരാമർശിച്ച ഉന്മൂലനം ചെയ്യപ്പെട്ട ജനതകളെ ചൂണ്ടിക്കൊണ്ട് സുപ്രധാനമായ ചില പൊതുതത്ത്വങ്ങൾ അനുസ്മരിപ്പിക്കുകയാണിവിടെ. قرنന്റെ ബഹുവചനമാണ് قرون. ഒരേ കാലത്ത് ജീവിച്ച ജനങ്ങളാണ് قرن. കൊമ്പ്, നൂറ്റാണ്ട്, സമൂഹം എന്നീ അർഥങ്ങളുമുണ്ട്. ആദ്യം പറഞ്ഞ അർഥമാണ് ഇവിടെ ഉദ്ദേശ്യം. بَقِيَّةٍ ന്റെ അർഥം നേരത്തെ 86–ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. സമുദായത്തിലെ സന്മാർഗനിഷ്ഠനും സാത്വികനുമായ വ്യക്തി എന്ന അർഥത്തിൽ فلان بقية قومه എന്നു പറയാറുണ്ട്. ഈ ആശയത്തെ ആസ്പദമാക്കിയാണ് أُولُوا بَقِيَّةٍ നെ ശിഷ്ട ജനം എന്നു തർജമ ചെയ്തത്. സമ്പത്ത്, സാധന സാമഗ്രികൾ, ശക്തി സ്വാധീനം, അധികാരം തുടങ്ങിയവയുടെ സമൃദ്ധിയാൽ ഗർവിഷ്ടമായ അവസ്ഥയാണ് ترف. സമ്പത്തിന്റെ ആധിക്യത്താൽ എന്തിനും പോന്നവരെന്നഹങ്കരിക്കുന്നവരെ أترفه المال എന്നു പറയും. കുറ്റവാളികളാണ് مُجْرِمِينَ. ഇതിന്റെ മൂലമായ جرم മുറിക്കലും ഇറുത്തെടുക്കലുമാണ്. സത്യത്തെയും ധർമത്തെയും തങ്ങളിൽനിന്ന് മുറിച്ചു മാറ്റിയവർ, അല്ലാഹു കൂട്ടിച്ചേർക്കാനാവശ്യപ്പെട്ടതിനെ മുറിച്ചു കളഞ്ഞവൻ എന്ന അർഥത്തിലാണ് ഇവിടെ مُجْرِمِينَ ഉപയോഗിച്ചിരിക്കുന്നത്. ഒരാളുടെ വ്യക്തിത്വത്തിന്, പ്രകൃതിക്ക്, സ്വഭാവത്തിന് ചേർന്ന പ്രവൃത്തിയല്ല എന്ന അർഥത്തിലുള്ള പ്രയോഗമാണ് ما كان ليفعل എന്ന് നേരത്തെ ഈ പ്രയോഗം വന്ന സ്ഥലങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

നശിച്ചുപോയ പൂർവ സമുദായങ്ങളെ സൂചിപ്പിച്ചുകൊണ്ട് അറേബ്യൻ സത്യനിഷേധികളെ ഉണർത്തുന്നതിതാണ്. സമൂഹങ്ങളുടെ യോഗ്യത അതിലെ സജ്ജനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒരു സമൂഹത്തിൽ സജ്ജന സംഖ്യ പൂജ്യമായാൽ അതിന് നിലനിൽക്കാൻ യോഗ്യതയില്ലാതാകും. ദുർജനം സമൂഹത്തെ നാശത്തിലേക്കേ നയിക്കൂ. ഭൗതിക സൗകര്യങ്ങളും ശാരീരിക മാനസിക യോഗ്യതകളും അല്ലാഹു എല്ലാ സമുദായങ്ങൾക്കും നൽകുന്നുണ്ട്. ഈ യോഗ്യതകൾ വിവേകപൂർവം ഉപയോഗിക്കുന്നവർ എല്ലാ സമുദായങ്ങളിലും ഉണ്ടാവേണ്ടതാണ്. അവരാണ് സമുദായത്തെ നേർവഴിക്ക് നയിക്കേണ്ടത്. ഈ യാഥാർഥ്യം ഉൾക്കൊണ്ട ആരും ചില സമുദായങ്ങളിൽ ഇല്ലാതാവുകയാണ്. അതെന്തുകൊണ്ട് എന്ന് ചോദിച്ചുകൊണ്ട് സൂക്തം തുടങ്ങുന്നതിന് രണ്ടു മാനമുണ്ട്. ഒന്ന്, അങ്ങനെയൊരവിവേകം ബുദ്ധിയും വിവേചന ശക്തിയുമുള്ള മനുഷ്യ സമൂഹങ്ങളിൽനിന്ന് ഉണ്ടാവാൻ പാടില്ലാത്തതായിരുന്നു. ഈ സൂക്തം അവതരിക്കുന്ന കാലത്തെ അറേബ്യൻ സമൂഹം അകപ്പെട്ടിരുന്നത് ഈ അവിവേകത്തിലാണ്. പ്രവാചകന്റെ മുന്നറിയിപ്പു ലഭിച്ചശേഷമെങ്കിലും ഈ അവിവേകത്തിൽനിന്നും പിന്തിരിയാൻ അവരെ പ്രേരിപ്പിക്കുന്നതിനുവേണ്ടി ഈ വാക്യം ചോദ്യരൂപത്തിൽ ആവിഷ്കരിച്ചിരിക്കുകയാണ്. രണ്ട്, സമുദായങ്ങൾ ഈ പതനത്തിലെത്തുന്നതിന്റെ കാരണം, ധർമധിക്കാരികൾ സുഖഭോഗങ്ങളുടെ പിമ്പെ പോയതും കുറ്റവാളിയായിത്തീരുന്നതുമാകുന്നു എന്ന സൂക്തത്തിന്റെ അവസാന ഭാഗത്ത് പറയുന്നുണ്ട്.

പൂർവ സമുദായങ്ങൾ നശിപ്പിക്കപ്പെട്ടത് അക്കൂട്ടത്തിൽ നാശം തടയുന്ന സത്യപ്രബോധകരും സംസ്കരണ പ്രവർത്തകരും ഇല്ലാതായതു മൂലമാണ്. ചുരുക്കം ചിലരേ, അങ്ങനെയുള്ളവരുണ്ടായിരുന്നുള്ളൂ. അവരെ അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു. ബാക്കി മഹാ ഭൂരിപക്ഷവും തങ്ങളുടെ സമ്പൽസമൃദ്ധിയിലും ശക്തിയിലും അധികാര ബലത്തിലും മതിമറന്ന് സുഖഭോഗങ്ങളുടെ പിന്നാലെ പായുന്ന സത്യനിഷേധികളും ധർമധിക്കാരികളുമായിരുന്നു. അനിവാര്യമായ ദുരന്തമാണവർക്കുണ്ടായത്. ഇപ്പോഴിതാ നിങ്ങൾക്ക് സത്യപ്രബോധനം ലഭിച്ചിരിക്കുകയാണ്. അത് സ്വീകരിക്കാൻ കൂട്ടാക്കാതെ പൂർവികരുടെ ദുർമാർഗത്തിലൂടെ തന്നെ പ്രയാണം തുടരുകയാണെങ്കിൽ നിങ്ങളെയും കാത്തിരിക്കുന്നത് അതേ ദുരന്തം തന്നെയാണ്.

നൈതികതയും സംസ്കാരവുമാണ് ഏതു സമൂഹത്തിന്റെയും ജീവൻ. പൊതുവിൽ വീഴ്ചകളും വിള്ളലുകളുമുണ്ടായാലും കുറച്ചാളുകളെങ്കിലും സത്യവും ധർമവും സ്ഥാപിക്കാൻ ശ്രമിക്കുകയും അത്തരക്കാർ കുറച്ചെങ്കിലും മാനിക്കപ്പെടുകയും ചെയ്യുമ്പോൾ ഒരു സമൂഹത്തെയും അല്ലാഹു നശിപ്പിക്കുകയില്ല. അങ്ങനെ ചെയ്യുന്നത് അന്യായമായിരിക്കും. അന്യായം അല്ലാഹുവിന്റെ അവസ്ഥക്കു ചേർന്നതേയല്ല. بِظُلْمٍ എന്ന വാക്ക് രണ്ടു വിധത്തിൽ അർഥം കൽപിക്കപ്പെട്ടിരിക്കുന്നു. ഒന്ന്, തർജമയിൽ കൊടുത്തപോലെ അന്യായമായി എന്ന്. രണ്ട് ظلم ന്റെ അക്രമത്തിന്റെ പേരിൽ എന്ന്. ഖുർആന്റെ

വീക്ഷണത്തിൽ ഏറ്റവും വലിയ അക്രമം അല്ലാഹുവിന് പങ്കാളികളെ കൽപിക്കുകയും അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധനയും അനുസരണവും ആ പങ്കാളികൾക്ക് അർപ്പിക്കുകയുമാണ്.

إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ (നിശ്ചയം ബഹുദൈവാരാധന മഹാ അക്രമം തന്നെയാകുന്നു – 31:13). ظلم ന്റെ പേരിൽ അല്ലാഹു നാടുകളെ നശിപ്പിക്കുകയില്ല എന്നു പറഞ്ഞതിന്റെ താൽപര്യം, സമൂഹത്തിൽ ധർമവും നീതിയും നിലനിൽക്കുന്നുവെങ്കിൽ ബഹുദൈവവിശ്വാസത്തിന്റെയോ വിഗ്രഹാരാധനയുടെ പേരിൽ ആ സമൂഹം നശിപ്പിക്കപ്പെടുകയില്ല എന്നാണെന്ന് ഈ അർഥം കൽപിക്കുന്നവർ വിശദീകരിക്കുന്നു. ഭാഷാപരമായി രണ്ടർഥകൽപനയും സാധുവാകുന്നു. നീതിമാന്മാരുടെ ഗണ്യമായ സാന്നിധ്യമുള്ള സമൂഹം ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും പേരിൽ നശിപ്പിക്കപ്പെടുകയില്ല എന്നു പറയുന്നതും ഈ അർഥവും തമ്മിൽ വൈരുധ്യമില്ല. ലോകത്ത് പണ്ടു മുതലേ സത്യനിഷേധികളും ബഹുദൈവവിശ്വാസികളുമാണ് കൂടുതലുള്ളത്. സത്യനിഷേധവും ബഹുദൈവത്വവും ഇഹലോകത്ത് ശിക്ഷിക്കപ്പെടുന്നതിനുള്ള കാരണമായിരുന്നുവെങ്കിൽ ഭൂരിഭാഗം ജനതകളും നശിപ്പിക്കപ്പെടുമായിരുന്നു.

ജനതകൾ ഈ ലോകത്തു തന്നെ ശിക്ഷിക്കപ്പെടുന്നതിനുള്ള കാരണം അനീതിയും അതിക്രമവുമാണ്. നീതിയുടെയും ധർമത്തിന്റെയും അടിത്തറയിലാണ് ഈ ലോകം നിലനിൽക്കുന്നത്.

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلْمِيزَانَ ﴿٧﴾ أَلَّا تَطْغَوْا۟ فِى ٱلْمِيزَانِ ﴿٨﴾ وَأَقِيمُوا۟
ٱلْوَزْنَ بِٱلْقِسْطِ وَلَا تُخْسِرُوا۟ ٱلْمِيزَانَ ﴿٩﴾

(അവൻ ആകാശത്തെ ഉയർത്തി ത്രാസ് സ്ഥാപിച്ചു. ത്രാസിൽ അതിക്രമം കാണിച്ചു കൂടാ. നീതിപൂർവം ശരിയാംവണ്ണം തൂക്കുക. തൂക്കത്തിൽ വെട്ടിക്കരുത്– 55:7–9). ആകാശ ഭൂമികളെ സന്തുലിതമായ ഒരു വ്യവസ്ഥയിൽ സംവിധാനിച്ചതുപോലെ മാനുഷിക വ്യവഹാരത്തിനും സന്തുലിതമായ ഒരു വ്യവസ്ഥ നിശ്ചയിച്ചിരിക്കുന്നു. അതാണ് നീതി. ആകാശഭൂമികളുടെ സന്തുലിത സംവിധാനം നഷ്ടപ്പെട്ടാൽ അവ താറുമാറാകും. അതുപോലെ മാനുഷിക ബന്ധങ്ങളിലെ നൈതികത നഷ്ടപ്പെട്ടാൽ മനുഷ്യ സമൂഹവും തകർന്നു പോകുന്നു. ഈ തകർച്ചക്കെതിരെയുള്ള പ്രതിരോധ ശക്തിയാണ് സമൂഹത്തിൽ ഉയർന്നു വരുന്ന ധാർമിക പ്രസ്ഥാനങ്ങൾ. ധർമപ്രവർത്തകർ സമൂഹത്തിൽനിന്ന് സ്വയം ഉയർന്നുവരാത്ത സാഹചര്യത്തിൽ അല്ലാഹു ചില വ്യക്തികളെ ഉയർത്തിക്കൊണ്ടുവരുന്നു. അവരാണ് പ്രവാചകന്മാർ. അന്ത്യപ്രവാചകന്റെ നിയോഗത്തിനുശേഷം ദൈവിക ധാർമിക സന്ദേശം ലോകത്ത് നിലനിൽക്കുന്നുണ്ട്. എല്ലാ സമൂഹങ്ങളിലേക്കും അത് ഏറെയോ കുറച്ചോ പകരുകയും ധർമ സംസ്ഥാപന പ്രചോദകമായി വർത്തിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ മിക്ക സമൂഹങ്ങളിലും, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധർമങ്ങളും നടമാടുന്നതോടൊപ്പം കുറച്ചു പേരെങ്കിലും ധർമ സംസ്ഥാപനാർഥം പ്രവർത്തിക്കുന്നു. അതാണ് ഇക്കാലത്ത് പല അധാർമിക സമൂഹങ്ങളുടെയും നിലനിൽപിന്റെ ഗ്യാരണ്ടി. നൈതിക ധാർമിക പ്രവർത്തകരുടെ സാന്നിധ്യം പോലും പൊറുപ്പിക്കാൻ തയാറില്ലാത്ത സമൂഹങ്ങൾ അവരറിയാത്ത മാർഗങ്ങളിലൂടെ നശിപ്പിക്കപ്പെടുന്നു.

ജനതകളുടെ ഉത്ഥാന പതനങ്ങളിൽ പ്രവർത്തിക്കുന്ന ദൈവിക നിയമം ഈ സൂക്തങ്ങളിൽ പ്രകാശിതമാകുന്നുണ്ട്. നീതിമാന്മാരുടെയും ധർമസംസ്ഥാപകരുടെയും സാന്നിധ്യവും സ്വാധീനവുമാണ് സമൂഹത്തിന്റെ ഉത്ഥാനത്തിനാധാരം. അത്തരക്കാരുടെ അസാന്നിധ്യവും അവഗണിതാവസ്ഥയും പതനത്തിന്റെ കാരണമാകുന്നു. أمر بالمعروف ونهي عن المنكر ന് –നന്മ കൽപിക്കലിനും തിന്മ തടയലിനും– ആത്മീയമാനത്തിനപ്പുറം ഇങ്ങനെയൊരു ഭൗതിക മാനവുമുണ്ട്. അന്ധവിശ്വാസികളും അവിശ്വാസികളുമായ ജനതകൾക്ക് പോലും നിലനിൽക്കാൻ അതനിവാര്യമാകുന്നു. അല്ലാഹുവിൽ വിശ്വസിക്കാത്തതിന്റെയോ, അവന്റെ ഏകത്വം അംഗീകരിക്കാത്തതിന്റെയോ പേരിലല്ല അല്ലാഹു സമുദായങ്ങളെ ഭൗതിക ലോകത്ത് ശിക്ഷിക്കുന്നത്; പ്രത്യുത നൈതിക ധാർമിക മൂല്യങ്ങൾ നിഷേധിക്കുന്നതിന്റെ പേരിലാണ്. അല്ലാഹുവിനെ ധിക്കരിക്കുകയും നിഷേധിക്കുകയും ചെയ്തതിന്റെ ഫലം പരലോകത്താണനുഭവിക്കുക. എന്നാൽ നീതി നിഷേധവും ധർമധിക്കാരവും ഒരു പരിധിക്കപ്പുറം കടന്നാൽ അതിന്റെ ഫലം ഈ ലോകത്തുതന്നെ നേരിടേണ്ടി വരും. ഇതുകൊണ്ടു കൂടിയാണ് നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നവർ മനുഷ്യർക്കുവേണ്ടി എഴുന്നേൽപിക്കപ്പെട്ട വിശിഷ്ട സമൂഹം – خير أمة ആകുന്നത്.

കൈവശമുള്ള സമ്പത്തിന്റെയും അധികാര ശക്തികളുടെയും സമൃദ്ധിയിൽ ഗർവിഷ്ടരാകുന്നവ

രാണ് സമൂഹത്തെ നാശത്തിലേക്ക് നയിക്കുക. ഭോഗാസക്തിയിൽ ഉന്മത്തരാകുന്ന അക്കൂട്ടർ നീതിയുടെയും ധർമത്തിന്റെയും എല്ലാ അതിരുകളും ഭേദിക്കുന്നു. അവരാഗ്രഹിക്കുന്നതെന്തോ അതു മാത്രമാകുന്നു നീതിയും ധർമവും, അല്ലാഹു പറയുന്നു:

وَإِذَآ أَرَدْنَآ أَن نُّهْلِكَ قَرْيَةً أَمَرْنَا مُتْرَفِيهَا فَفَسَقُوا۟ فِيهَا فَحَقَّ عَلَيْهَا ٱلْقَوْلُ فَدَمَّرْنَـٰهَا تَدْمِيرًا ﴿١٦﴾

(നാം ഒരു നാടിനെ നശിപ്പിക്കാനുദ്ദേശിച്ചാൽ അതിലെ സുഖലോലുപരോടു കൽപിക്കുന്നു. അവരവിടെ നീതിയും ധർമവും ധിക്കരിച്ചു വാഴുന്നു. അങ്ങനെ ആ നാട് നമ്മുടെ ശിക്ഷാവിധിക്കർഹമായിത്തീരുന്നു. അപ്പോൾ നാമതിനെ തകർത്തു തരിപ്പണമാക്കുന്നു – 17:16).

فَلَمَّا نَسُوا۟ مَا ذُكِّرُوا۟ بِهِۦ فَتَحْنَا عَلَيْهِمْ أَبْوَٰبَ كُلِّ شَىْءٍ حَتَّىٰٓ إِذَا فَرِحُوا۟ بِمَآ أُوتُوٓا۟ أَخَذْنَـٰهُم بَغْتَةً فَإِذَا هُم مُّبْلِسُونَ ﴿٤٤﴾

(ഓർമിപ്പിക്കപ്പെട്ട ധർമസൂക്തങ്ങൾ വിസ്മരിച്ചപ്പോൾ സകല സൗഭാഗ്യങ്ങളുടെയും കവാടം നാം അവർക്ക് തുറന്നു കൊടുത്തു. അങ്ങനെ തങ്ങൾക്ക് ലഭിച്ച സൗഭാഗ്യങ്ങളിൽ നിഗളിച്ചു വാഴവെ ആകസ്മികമായി നാം അവരെ പിടികൂടി. അപ്പോൾ അവരതാ സകല നന്മകളിലും നിരാശാഭരിതരാവുകയായി – 6:44)

ആദ്യം പറഞ്ഞ أُو۟لُوا۟ بَقِيَّةٍ يَنْهَوْنَ عَنِ ٱلْفَسَادِ തന്നെയാണ് പിന്നീടു പറയുന്ന مُصْلِحُونَ. കേടായത് നന്നാക്കുക, പ്രാകൃതമായത് സംസ്കരിക്കുക എന്നർഥമുള്ള إصلاح ൽ നിന്നുള്ള കർതൃവചനമായ مصلح ന്റെ ബഹുവചനമാണ് مُصْلِحُونَ.

صلح (നന്നായി, യോഗ്യമായി) യാണ് ഇതിന്റെ മൂലക്രിയ. നല്ലവനും യോഗ്യനും صالح ആകുന്നു. عمل الصالحات സൽകർമങ്ങൾ. ഇവിടെ وأهلها صالحون (അതിലെ നിവാസികൾ നല്ലവരാണ്) എന്നു പറയുന്നതിനു പകരം مُصْلِحُونَ (നന്നാക്കുന്നവരാണ്) എന്നാണ് പറയുന്നത്. ഏതാനും ആളുകൾ സ്വന്തം നിലയിൽ നല്ലവരായി ജീവിക്കുന്നത്, ഒരു സമൂഹത്തിന്റെ നിലനിൽപിന് ഗ്യാരണ്ടിയാവുകയില്ല. മറ്റുള്ളവരെ നന്നാക്കുന്നവരുടെ, സമൂഹത്തെ സംസ്കരിക്കാൻ യത്നിക്കുന്നവരുടെ സാന്നിധ്യമാണ് നിലനിൽപ് ഉറപ്പാക്കുന്നത്. ഒറ്റപ്പെട്ട ചില നല്ല വ്യക്തികളുടെ സാന്നിധ്യം സമൂഹത്തിന്റെ നിലനിൽപ് അനിവാര്യമാക്കാത്തതുപോലെ ഒറ്റപ്പെട്ട ദുഷ്ടന്മാരുടെ സാന്നിധ്യം സമൂഹത്തിന്റെ നാശവും അനിവാര്യമാക്കുകയില്ല. സമൂഹം മൊത്തത്തിൽ പരമദുഷ്ടമാവുകയും സംസ്കരണ പ്രവർത്തകരാരും അവശേഷിക്കാതിരിക്കുകയോ തീരെ വിരളമാവുകയോ ചെയ്യുമ്പോഴാണ് നാശം അനിവാര്യമാവുക. അധർമത്തിന്റെ പേരിൽ നാടുകളെ എന്ന قرى بظلم എന്ന قرى (നാടുകൾ) എന്ന പദപ്രയോഗത്തിൽ ഒറ്റപ്പെട്ട വ്യക്തികൾ ദുഷിക്കുമ്പോഴല്ല സമൂഹം മൊത്തത്തിൽ ദുഷ്ടമാകുമ്പോഴാണ് പൊതുവായ ശിക്ഷക്കർഹമാവുക എന്ന സൂചനയുണ്ട്. എന്നാൽ ഒറ്റപ്പെട്ട ദുഷ്ടന്മാരുടെ സാന്നിധ്യം ആപത്തിന്റെ നാന്ദിയാകുന്നു. ഏതാനും വ്യക്തികളുടെ ചൊല്ലുകളും ചെയ്തികളും കാലക്രമത്തിൽ ഭൂരിപക്ഷത്തിന്റേതായി മാറുകയും സമൂഹം ശിക്ഷാർഹമായിത്തീരുകയും ചെയ്യാം.

ഖുർആൻ മറ്റു സ്ഥലങ്ങളിൽ أمر بالمعروف ونهي عن المنكر എന്നു പറഞ്ഞ ആശയത്തെ തന്നെയാണ് ഇവിടെ يَنْهَوْنَ عَنِ ٱلْفَسَادِ فِى ٱلْأَرْضِ എന്ന വാക്കുകളിൽ അവതരിപ്പിച്ചിരിക്കുന്നത്. നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുക എന്നു പറയുന്നതിന്റെ താൽപര്യം നാടിന്റെയും നാട്ടുകാരുടെയും നാശം തടയുന്നതിനുവേണ്ടി പ്രവർത്തിക്കുകയാണെന്ന് ഇതിൽനിന്ന് മനസിലാക്കാം. ■